**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 489 **30.06.2016-**ലെ മറുപടിക്ക്

## ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കാൻ പദ്ധതി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അൻവർ സാദത്ത്</td><td colspan="2">ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്നതിന് മുൻ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;</td><td>(എ)</td><td>ഉണ്ട്.<br>ഭവന നിർമ്മാണ പദ്ധതി പ്രകാരവും ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരവും എല്ലാ സാമ്പത്തിക വർഷത്തിലും ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിനായി തുക അനുവദിച്ച് നൽകുന്നുണ്ട്.<br>2014-15 വർഷം മുതൽ പട്ടിക ജാതിയിൽപ്പെട്ടവർക്ക് ഭവനനിർമ്മാണ ധനസഹായമായി 3 ലക്ഷം രൂപയും പട്ടിക ജാതിയിലെ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് 3.5 ലക്ഷം രൂപയും അനുവദിച്ചു വരുന്നു.<br><br><u>ഭവനനിർമ്മാണ പദ്ധതി</u><br>
<table>
<tr><th>വർഷം</th><th>നീക്കി വച്ച തുക (ലക്ഷത്തിൽ)</th><th>അനുവദിച്ച വീടുകളുടെ എണ്ണം</th><th>ചെലവഴിച്ച തുക (ലക്ഷത്തിൽ)</th></tr>
<tr><td>2011-12</td><td>9000</td><td>3500</td><td>8986.01</td></tr>
<tr><td>2012-13</td><td>10000</td><td>5000</td><td>9999.85</td></tr>
<tr><td>2013-14</td><td>9500</td><td>6397</td><td>8484.75</td></tr>
<tr><td>2014-15</td><td>16000</td><td>4500</td><td>12381.45</td></tr>
<tr><td>2015-16</td><td>26000</td><td>5197</td><td>14556.65</td></tr>
</table>
<br>പട്ടികജാതി വിഭാഗത്തിൽ ഒട്ടാകെ അനുവദിച്ച 24594 വീടുകളിൽ 10563 വീടുകൾ പൂർത്തിയായിട്ടില്ല.</td></tr>
</table>

<table>
<tr><td></td><td></td><td></td><td>

**ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി**

<table>
<tr><th>വർഷം</th><th>നീക്കി വച്ച തുക (ലക്ഷത്തിൽ)</th><th>അനുവദിച്ച വീടുകളുടെ എണ്ണം</th><th>ചെലവഴിച്ച തുക (ലക്ഷത്തിൽ)</th></tr>
<tr><td>2011-12</td><td>233.18</td><td>131</td><td>227.32</td></tr>
<tr><td>2012-13</td><td>165.35</td><td>96</td><td>162.85</td></tr>
<tr><td>2013-14</td><td>328.54</td><td>261</td><td>269.94</td></tr>
<tr><td>2014-15</td><td>334.78</td><td>140</td><td>267.79</td></tr>
<tr><td>2015-16</td><td>1400</td><td>146</td><td>620.02</td></tr>
</table>

</td></tr>
<tr><td>(ബി)</td><td>എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;</td><td>(ബി)</td><td>സംസ്ഥാനത്തെ ഭവനരഹിതരായ പട്ടിക ജാതിക്കാരെ പുനരധിവസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ സാമ്പത്തിക വർഷങ്ങളിലായി സ്വന്തമായി സ്ഥലമുള്ള 25324 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് നൽകി, അവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>പദ്ധതി നിർമ്മാണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;</td><td>(സി)</td><td>എല്ലാ സാമ്പത്തിക വർഷവും ഭവന നിർമ്മാണ ധനസഹായത്തിനായി നിശ്ചിത തുക ബഡ്ജറ്റിൽ വകയിരുത്തി ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ലകൾക്ക് ഭൗതികലക്ഷ്യം അനുവദിച്ച് നൽകുകയും ഗുണഭോക്താക്കളെ ഗ്രാമസഭ ലിസ്റ്റിൽ നിന്നും കണ്ടെത്തി ധനസഹായം 4 ഗഡുക്കളായി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് മുഖേന നൽകി വരുന്നുണ്ട്.</td></tr>
<tr><td>(ഡി)</td><td>പദ്ധതി നടത്തിപ്പിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിശദമാക്കുമോ?</td><td>(ഡി)</td><td>സംസ്ഥാനത്ത് ഭവനരഹിതരായിട്ടുള്ള 25324 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു നൽകുക വഴി ടി കുടുംബങ്ങൾക്ക് സ്വന്തമായി ഭവനം ഉണ്ടാക്കുന്നതിനും അവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും സാധിച്ചിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ